**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **30-08-2022 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വിവിധ ടൂറിസം പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ട്രാവൻകൂർ ഹെറിറ്റേജ് സർക്യൂട്ട്- കഠിനംകുളം അഞ്ചുതെങ്ങ് ബാക് വാട്ടർ ടൂറിസം കോറിഡോർ പ്രോജക്ടിന്റെ ഭാഗമായ Construction of Boat terminal at Murukkumpuzha എന്ന പദ്ധതി, കായിക്കര ടൂറിസം എന്നീ പദ്ധതികളാണ് ചിറയിൻകീഴ് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾ വേഗത്തിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയുമായി ചേർന്ന് സ്ഥല സന്ദർശനം നടത്തുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യുന്നുണ്ട്. പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചിറയിൻകീഴ് മണ്ഡലത്തിൽ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ഗ്രാമസഭ നടന്നു. തുടർന്നുള്ള റിസോഴ്സ് മാപ്പിംഗ് നടന്നു വരുന്നു. പരിശീലനങ്ങൾക്കുള്ള അപേക്ഷകൾ പഞ്ചായത്ത് വഴി ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ട്രാവൻകൂർ ഹെറിറ്റേജ് സർക്യൂട്ട്- കഠിനംകുളം അഞ്ചുതെങ്ങ് ബാക് വാട്ടർ ടൂറിസം കോറിഡോർ പ്രോജക്ടിന്റെ ഭാഗമായ Construction of Boat terminal at Murukkumpuzha എന്ന പദ്ധതി, കായിക്കര ടൂറിസം എന്നീ പദ്ധതികളാണ് ചിറയിൻകീഴ് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികൾ വേഗത്തിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയുമായി ചേർന്ന് സ്ഥല സന്ദർശനം നടത്തുകയും അവലോകന യോഗങ്ങൾ ചേരുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചിറയിൻകീഴ് മണ്ഡലത്തിൽ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ഗ്രാമസഭ നടന്നു. തുടർന്നുള്ള റിസോഴ്സ് മാപ്പിംഗ് നടന്നു വരുന്നു. പരിശീലനങ്ങൾക്കുള്ള അപേക്ഷകൾ പഞ്ചായത്ത് വഴി ലഭ്യമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ